**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | വകുപ്പിനു കീഴിൽ പ്രീമെട്രിക് തലത്തിൽ 85 ഹോസ്റ്റലുകളും പോസ്റ്റ്മെട്രിക് തലത്തിൽ 19 ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഓരോ ഹോസ്റ്റലുകളിലും എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുവെന്നും ഓരോ സ്ഥലത്തും എത്ര ജീവനക്കാർ സേവനം ചെയ്യുന്നുവെന്നും അറിയിക്കാമോ;; | (ബി) | ഓരോ ഹോസ്റ്റലിലും നിലവിൽ താമസിക്കുന്ന വിദ്യാർഥികളുടെയും ജീവനക്കാരുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഹോസ്റ്റലുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായിട്ടുള്ള ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ, പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരും ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട് |
| (ഡി) | ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലേക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ/ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഡയറക്ടർ സമർപ്പിച്ച എല്ലാ പ്രൊപ്പോസലുകളും അംഗീകരിച്ച് തുക അനുവദിച്ചിട്ടുണ്ട്. പുതുതായി മെയിന്റനൻസ്/ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമായിട്ടുള്ള |

| | | | |
|---|---|---|---|
| | | | ഹോസ്റ്റലുകൾ കണ്ടെത്തി പ്രൊപ്പോസലുകൾ ലഭ്യമാക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ